ധനം
BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# വേണ്ടത് 'യഥാർത്ഥ' വിജയം

## പല വൻകിട ബിസിനസുകളും കുറഞ്ഞ കാലം കൊണ്ട് തകർന്നു പോകുന്നതിന്റെ കാരണമറിയാം

**ബി**സിനസുകൾക്ക് സാധാരണയായി മൂന്ന് ഘട്ടങ്ങളാണുള്ളത്. സ്റ്റാർട്ടപ്പ്, എസ്റ്റാബ്ലിഷ്ഡ്, ലാർജ് എന്നിവയാണവ. ചിത്രം 1 കാണുക.

*Figure 1: Typical Stages of a Bussinesses*




മുൻ ലക്കങ്ങളിലെ ലേഖനങ്ങളിൽ വിജയകരമായ സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ ചേരുവകളെ കുറിച്ചാണ് വിശദമാക്കിയിരുന്നത്. ചിത്രം 2 കാണുക.

*Figure 2: Ingredients for a Successful Startup Business*




നിലയുറപ്പിച്ചു കഴിഞ്ഞ ഒരു ബിസിനസിന് ദീർഘകാല വിജയം ഉറപ്പാക്കാൻ ആവശ്യമായ ശരിയായ ബിസിനസ് തത്വങ്ങൾ എന്തായിരിക്കണമെന്ന കാര്യത്തെ കുറിച്ചും മുൻ ലേഖനങ്ങളിൽ പ്രതിപാദിച്ചിരുന്നു. ചിത്രം 3 കാണുക.

*Figure 3: Correct Business Principles*




ചിത്രം നാലിൽ കാണിച്ചിരിക്കുന്നതു പോലെ വിജയം കൈവരിക്കുക എന്നതുകൊണ്ട് മിക്ക ആളുകളും വിചാരിക്കുന്നത് പെട്ടെന്ന് വൻകിട ബിസിനസായി മാറുക എന്നതാണ്.

*Figure 4: Normal Definition of Business Success*




എന്നാൽ ഇക്കാര്യത്തിൽ കുറച്ച് വ്യത്യസ്തമായ കാഴ്ചപ്പാടാണ് എനിക്കുള്ളത്. ചിത്രം അഞ്ചിൽ കാണുന്നതു പോലെ മിക്ക വൻകിട ബിസിനസുകളും 15-20 വർഷം കൊണ്ട് തകർന്നുപോകുന്നു.

*Figure 5: Collapse of Large Businesses*




യഥാർത്ഥ വിജയം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ചിത്രം ആറിൽ കാണിച്ചിരിക്കുന്നതു പോലെ സ്ഥിരമായ വളർച്ചയുള്ള എന്നെന്നും നിലനിൽക്കുന്ന വലിയ സംരംഭമാകുക എന്നതാണ്.

*Figure 6: Correct Definition of Business Success*




വൻകിട ബിസിനസുകൾ പരാജയപ്പെട്ടു പോകുന്നത് എന്തുകൊണ്ടാണെന്നും 'യഥാർത്ഥ' വിജയം നേടാൻ വലിയ സംരംഭങ്ങൾ എന്താണ് ചെയ്യേണ്ടതെന്നും ഉൾപ്പെടെയുള്ള കാര്യങ്ങൾ വരും ലേഖനങ്ങളിൽ വിശദമാക്കാം. ■